പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 6257 — 10.07.2012 ൽ മറുപടിയ്ക്ക്

**വയോമിത്രം പദ്ധതി പ്രകാരം നൽകുന്ന സേവനങ്ങൾ**

ചോദ്യം — ഉത്തരം

ശ്രീ.ബി.ഡി.ദേവസ്സി

**ഡോ. എം.കെ. മുനീർ**

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പാക്കിവരുന്ന വയോമിത്രം പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ ; | എ | 65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതിയുടെ ആദ്യഘട്ടമായി 14 ജില്ലകളിലും ജില്ലാ ആസ്ഥാനങ്ങളായുള്ള കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി പ്രദേശത്താണ് പദ്ധതി തുടങ്ങിയിട്ടുള്ളത്. ഈ പദ്ധതിയിൽ വയോജനങ്ങൾക്ക് മൊബൈൽ ക്ലിനിക്ക് മുഖേന വൈദ്യസഹായം, പാലിയേറ്റീവ് ഹോം കെയർ യൂണിറ്റ് മുഖേന ആവശ്യമായ മരുന്നുകൾ, ആംബുലൻസ് സൗകര്യം എന്നിവയോടൊപ്പം മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകളിലൂടെയുള്ള കൗൺസിലർ മാരുടെ സേവനം എന്നിവ ലഭ്യമാക്കുന്നുണ്ട്. |
| ബി | വയോജന നയത്തിൽ പ്രതിപാദിച്ച പ്രകാരമുള്ള ജില്ലാതല കൗൺസിൽ, വയോജനക്ഷേമ സമിതി എന്നിവ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ടോ ; | ബി | 29.06.2007ലെ ജി.ഒ.(എം.എസ്)നം33/ 2007/സാക്ഷേവ പ്രകാരം വയോജന നയത്തിൽ പ്രതിപാദിച്ചിട്ടുള്ള ജില്ലാ കൗൺസിൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വയോജനക്ഷേമ സമിതി രൂപീകരിച്ചിട്ടില്ല. |
| സി | പ്രസ്തുത സമിതികൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്നറിയിക്കുമോ ? | സി | ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല കൗൺസിലിന്റെ ചുമതല, ഗിരിവർഗ്ഗക്കാരും അവശതയനുഭവിക്കുന്ന മറ്റു വിഭാഗങ്ങളും അധിവസിക്കുന്ന പ്രദേശങ്ങളിൽ സന്ദർശനം നടത്തുകയും വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കി ആവശ്യമായ നടപടി സ്വീകരിക്കുകയും അക്കാര്യം സംസ്ഥാന കൗൺസിലിന് റിപ്പോർട്ട് ചെയ്യുക എന്നതുമാണ്. |

R. Vijayan

സെക്ഷൻ ഓഫീസർ